# ഗാന്ധിജി ഇംഗ്ലീഷ് മീഡിയം

# ഗവണ്മെന്റ് ഹൈസ്കൂൾ ശാന്തിഗ്രാം



ACADEMIC MASTER PLAN 2025-2026

# സ്കൂളിന്റെ ദർശനം

ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്കൂൾ ഓരോ വിദ്യാർത്ഥിക്കും വലിയ സ്വപ്നങ്ങൾ കാണാനും വൈവിധ്യമാർന്ന പാതകൾ തിരഞ്ഞെടുക്കാനും, വ്യക്തമായി സംസാരിക്കുന്ന, സർവ്വതോന്മുഖമായ വ്യക്തികൾ ആകാനും ആവശ്യമായ ഭാഷാപരമായ പ്രാവീണ്യം നേടുന്നതിനുള്ള ഒരു പഠനാന്തരീക്ഷം സൃഷ്ടിക്കാൻ ഞങ്ങൾ പരിശ്രമിക്കുന്നു. ശക്തമായ ഇംഗ്ലീഷ് കഴിവുകളാൽ സജ്ജരായ ഞങ്ങളുടെ വിദ്യാർത്ഥികൾ, തങ്ങളുടെ സമൂഹങ്ങളെ ഉന്നതിയിൽ എത്തിക്കുകയും ശാന്തി ഗ്രാമിനെ വിശാലമായ ലോകവുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന നേതാക്കളും നവീകരണ വിദഗ്ധരുമായി മാറുന്ന ഒരു ഭാവി ഞങ്ങൾ വിഭാവനം ചെയ്യുന്നു.

## ആമുഖം

2025 26 അധ്യയന വർഷം സമഗ്ര ഗുണമേന്മ വർഷമാണല്ലോ. പൊതുവിദ്യാലയങ്ങൾ അക്കാദമിക മികവിന്റെ കേന്ദ്രങ്ങളായി മാറേണ്ടത് അത്യാവശ്യമാണെന്ന് തിരിച്ചറിവിൽ നിന്നാണ് സമഗ്ര ഗുണനിലവാര സ്കൂൾ വികസന പദ്ധതി എന്ന ആശയം ഉടലെടുത്തത്. ഓരോ സ്കൂളും മികവിന്റെ കേന്ദ്രം ആകണം. ഇതിനായി സർക്കാർ നിരവധി പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നുണ്ട്. പൊതുവിദ്യാലയങ്ങളെ എല്ലാ

മേഖലകളിലും വിജയിപ്പിക്കുന്നതിനുള്ള ആസൂത്രണം സ്കൂളുകളിൽ നിന്ന് തന്നെ ഉണ്ടാകണം. ഓരോ സ്കൂളിന്റെയും പ്രാദേശിക ആവശ്യങ്ങൾ പരിഗണിക്കാനും പ്രാദേശികമായി ലഭ്യമായ വൈവിദ്യവും വിഭവങ്ങളും ഉപയോഗപ്പെടുത്താനും അതിനു കഴിയണം.

ഇത് നേടിയെടുക്കാനുള്ള ഒരു എളിയ ശ്രമമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്കൂൾ ശാന്തിഗ്രാം ലക്ഷ്യമിടുന്നത്.

ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവണ്മെന്റ് ഹൈസ്കൂൾ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിലുള്ള ശാന്തിഗ്രാമിലാണ് സ്ഥിതി ചെയ്യുന്നത്. 2011-ജൂൺ ഒന്നിന് ആർ.എം.എസ്സ്.എ പദ്ധതിപ്രകാരം നിലവിൽ വന്നതും, കേരളത്തിലെ സർക്കാർ ഉടമസ്ഥതയിലുള്ള ഏക ഇംഗ്ലീഷ് മീഡിയം സ്കൂളുമാണ് ഇത്. മികച്ച പഠനനിലവാരം പുലർത്തുന്ന ഇവിടെ ഇപ്പോൾ എൽകെജി മുതൽ എസ്സ.എസ്സ്.എൽ.സി വരെ 1553 കുട്ടികൾപഠിക്കുന്നു. ഈ സ്കൂളിൽ ഇന്ന് 56 അദ്ധ്യാപകരോളം ജോലി ചെയ്യുന്നു.

സമൂഹത്തിന്റെ വിവിധതലങ്ങളിൽ പ്രവർത്തിക്കുന്ന നിരവധി പ്രമുഖർ ഇവിടത്തെ പൂർവ വിദ്യാർത്ഥികളാണ്.

പഠനത്തിലും,കലാകായിക മേഖലകളിലും മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്

## സ്കൂൾ ചരിത്രം

ഇടുക്കി ജില്ലയിൽ ഉടമ്പൻ ചോല താലൂക്കിൽ ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ ശാന്തി ഗ്രാം എന്ന കൊച്ചു ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന സർക്കാർ വിദ്യാലയമാണ് ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്കൂൾ. 1950 കളിൽ മുതലുള്ള കൊടിയേറ്റ ജനത അധിവസിക്കുന്ന ഇവിടുത്തെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 1964 ൽ ഒരു സർക്കാർ വിദ്യാലയം ഇരട്ടയാർ ഗവൺമെന്റ് ഹൈസ്കൂൾ എന്ന പേരിൽ ആരംഭിക്കുകയുണ്ടായി. ഗതാഗതസൗകര്യങ്ങൾ ലഭ്യമല്ലാതിരുന്ന കാലത്ത് പ്രദേശവാസികളായ ആയിരക്കണക്കിന് വിദ്യാർഥികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കിയത് ഈ സ്കൂളാണ്. പിന്നീട് സ്വകാര്യമേഖലയിൽ ഈ പ്രദേശത്ത് പല സ്കൂളുകൾ ആരംഭിച്ചു. ഇടുക്കി ജില്ലയിൽ ഉടുമ്പൻ ചോല താലൂക്കിൽ ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ.

തുടർന്ന് കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടാവുകയും 1997 - 1998 കാലഘട്ടത്തിൽ ഈ സ്കൂളിനെ നാലുമുക്കിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് സ്കൂളുമായി ബന്ധിപ്പിക്കുകയും ചെയ്തു. സ്കൂൾ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ 2004 ൽ ഇടുക്കി ജില്ലാ പഞ്ചായത്ത് ടെക്നിക്കൽ എജ്യുക്കേഷൻ സെന്റർ

ആരംഭിച്ചുവെ ങ്കിലും 2006 വിദ്യാർത്ഥികളുടെ അഭാവത്തിൽ അത് നിർത്തലാക്കി.

പ്രദേശത്തെ കുട്ടികൾക്ക് കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2006- 2007 ഇടുക്കി ജില്ലാ പഞ്ചായത്തും തുടർ സാക്ഷരതാ മിഷനും ചേർന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലായി ഗാന്ധിജി സെൻട്രൽ സ്കൂൾ ആരംഭിച്ചു.

630 കുട്ടികളുമായി പ്രവർത്തനമാരംഭിച്ച സ്കൂൾ അഞ്ചുവർഷക്കാലം നല്ല നിലയിൽ പ്രവർത്തിച്ചു. 2010 ൽ NOC ലഭിക്കാത്തതുമൂലം സ്കൂൾ പ്രതിസന്ധിയിൽ ആവുകയും പത്താം ക്ലാസ് പരീക്ഷ എഴുതുവാൻ കുട്ടികൾക്ക് കഴിയാത്ത സാഹചര്യം ഉണ്ടാവുകയും ചെയ്തു. സ്കൂളിന്റെ അംഗീകാരവും നടത്തിപ്പും നിയമപ്രശ്നങ്ങളിൽ കുടുങ്ങിയതിനെ തുടർന്ന് 2011 സ്കൂൾ അടച്ചുപൂട്ടുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശിച്ചു. കുട്ടികൾ കൊഴിഞ്ഞു പോവുകയും നിർധനരായ കുറച്ചു കുട്ടികൾ മാത്രം അവശേഷിക്കുകയും ചെയ്ത സാഹചര്യത്തിൽ രക്ഷിതാക്കൾ ഹൈക്കോടതിയെ സമീപിച്ചു. സ്കൂൾ ഗവൺമെന്റ് ഏറ്റെടുത്ത് ഇംഗ്ലീഷ് മാധ്യമത്തിൽ തന്നെ കുട്ടികൾക്ക് പഠനം തുടരുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടു. എങ്ങനെ വന്ന സാഹചര്യത്തിൽ സർക്കാർ സ്കൂൾ ഏറ്റെടുക്കുകയും ശ്രീമതി അമ്പിളി പിബി യെ ടീച്ചർ ഇൻ ചാർജ്

ആയി നിയമിക്കുകയും ചെയ്തു. 179 കുട്ടികളാണ് ഒന്നു മുതൽ 8 വരെ ഉണ്ടായിരുന്നത്. ഇടുക്കി DIET ന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് പരീക്ഷ നടത്തി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമാക്കി ദിവസ വേതന അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിച്ചു. ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്കൂൾ എന്ന് പുനർനാമകരണം ചെയ്ത് സ്കൂൾ 2011 ജൂൺ 3 ന് കുട്ടികളെ പ്രവേശിപ്പിച്ചുകൊണ്ട് പ്രവർത്തനമാരംഭിച്ചു.

2011 -2012 അധ്യയന വർഷത്തിൽ എൽകെജി മുതൽ പത്താം ക്ലാസ് വരെ ആകെ 230 കുട്ടികളാണ് ഇവിടെ ഉണ്ടായിരുന്നത്. പിന്നീടുള്ള ഓരോ വർഷവും കുട്ടികളുടെ എണ്ണത്തിൽ ക്രമാനുഗതമായ വർദ്ധന ഉണ്ടായി. 2024 -2025 അധ്യയന വർഷത്തിൽ കുട്ടികളുടെ എണ്ണം 1812 എന്ന നിലയിൽ എത്തിച്ചേരാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

## PTA EXECUTIVE 2024-25

President : Mr. Shine Joseph

Vice President : Mr. Sajidas Mohan

Secretary : Mr. Bashir M (Headmaster)

Executive Members

Mr. Aneesh George

Mr. Rajkumar

Mrs. Chinchu

Mr. K S Biju

Mrs. Rejani Brijesh

M.r T S Manoj

Mr. Anu M R

Mr. Vinod Kumar

Mr. Binoy Varkey

Mrs. Usha K S

Mrs. Ambili P B

Dr Fysel A M

Mr. Ranju Varghese

Mrs. Sandhya Maniyan

Mrs. Kanila Kavirajan

Mrs. Dona George

Mrs. Sneha Mathew

Mrs. Sithara S

Mrs. Bindu John

| ROLL STRENGTH | | | |
|---|---|---|---|
| 2024-2025 ACADEMIC YEAR | | | |
| | BOYS | GIRLS | TOTAL |
| All Commumities | 773 | 779 | 1552 |
| SC | 34 | 38 | 72 |
| ST | 3 | 4 | 7 |
| OBC | 322 | 338 | 660 |
| MUSLIM | 11 | 13 | 24 |
| Other Minorities | 357 | 341 | 698 |
| OTHERS | 46 | 45 | 91 |
| APL | 446 | 436 | 882 |
| BPL | 325 | 343 | 668 |
| KG | 89 | 93 | 182 |

## വിദ്യാഭ്യാസ ഭരണസംവിധാനം

| | | |
|---|---|---|
| റവന്യൂ ജില്ല | :: | ഇടുക്കി |
| വിദ്യാഭ്യാസ ജില്ല | :: | കട്ടപ്പന |
| ഉപജില്ല | :: | കട്ടപ്പന |

## ഭരണസംവിധാനം

| | | |
|---|---|---|
| ലോകസഭാമണ്ഡലം | :: | ഇടുക്കി |
| നിയമസഭാമണ്ഡലം | :: | ഉടുമ്പൻചോല |
| താലൂക്ക് | :: | ഉടുമ്പൻചോല |
| ബ്ലോക്ക് പഞ്ചായത്ത് | :: | കട്ടപ്പന |
| തദ്ദേശസ്വയംഭരണസ്ഥാപനം | :: | പഞ്ചായത്ത് |
| വാർഡ് | :: | 5 |

## സ്കൂൾ ഭരണ വിഭാഗം

| | | |
|---|---|---|
| സ്കൂൾ ഭരണ വിഭാഗം | :: | സർക്കാർ |
| സ്കൂൾ വിഭാഗം | :: | പൊതു വിദ്യാലയം |
| പഠന വിഭാഗങ്ങൾ | :: | എൽ.പി /യു.പി /ഹൈസ്കൂൾ |
| മാദ്ധ്യമം | :: | ഇംഗ്ലീഷ് |

# സ്കൂളിന്റെ മികവുകൾ

- സ്കൂൾ ആരംഭിച്ചത് മുതൽ എല്ലാ വർഷവും എസ്എസ്എൽസി ബാച്ചുകളിൽ **100%** വിജയം നേടുകയും വിജയിച്ച എല്ലാവരും മികച്ച ഗ്രേഡുകൾ കരസ്ഥമാക്കുകയും ചെയ്യുന്നു
- **LSS, USS, NMMS,** സ്കോളർഷിപ്പ് പരീക്ഷകളിൽ കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിനും മികച്ച വിജയം ലഭ്യമാക്കുന്നതിനും കഴിയുന്നു.
- ഇടുക്കി ജില്ലയിൽ ഒന്നാം ക്ലാസിലേക്ക് പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ മികച്ച സ്ഥാനമാണ് ഈ സ്കൂളിനുള്ളത്.
- യാത്രാസൗകര്യത്തിന് വേണ്ടി എട്ട് സ്കൂൾ ബസുകൾ സർവീസ് നടത്തുന്നു.
- ഓരോ വിഷയവും പഠിപ്പിക്കുന്നതിന് വിദഗ്ധ പരിശീലനം ലഭിച്ച അധ്യാപകർ ആണുള്ളത്.
- **KG** കുട്ടികൾക്കായി ആകർഷകമായ ക്ലാസ് മുറികൾ,പഠനോപകരണങ്ങൾ,കളിപ്പാട്ടങ്ങൾ,പാർക്ക് എന്നിവയുണ്ട്
- കുട്ടികളിലെ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി ഗവേഷണ വായനശാല ഓപ്പൺ ലൈബ്രറിയായി പ്രവർത്തിക്കുന്നു.
- താല്പര്യമുള്ള കുട്ടികൾക്ക് നൃത്ത പരിശീലനം നൽകുന്നു.
- സ്കൂളിലെ ഉച്ചഭക്ഷണ വിതരണ പദ്ധതി കാര്യക്ഷമമായി നടന്നുവരുന്നു പോഷക സമൃദ്ധമായ ഭക്ഷണവിതരണം നടത്തുന്നതിൽ പിടിഎ, എസ് എം സി മോണിറ്ററിംഗ് നടത്താറുണ്ട്.

- ശാസ്ത്ര, ഗണിതശാസ്ത്ര,പ്രവർത്തിപരിചയ,ഐടി മേളകളിൽ സംസ്ഥാനതലം വരെ കുട്ടികളെ പങ്കെടുപ്പിക്കുകയും വിജയം കരസ്ഥമാക്കുകയും ചെയ്യുന്നുണ്ട്.
- കലാകായിക മത്സരങ്ങളിൽ സംസ്ഥാനതലം വരെ കുട്ടികൾ പങ്കെടുക്കുകയും മികച്ച നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യുന്നു.
- കുട്ടികളുടെ മാനസികവും ശാരീരികവുമായ വികസനത്തിനാവശ്യമായ സെമിനാറുകൾ, ക്ലാസ്സുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു.
- സ്കൂളിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് ശക്തമായ പിടിഎ,എസ് എം സി ഇവയുടെ സാന്നിധ്യം അനുഭവപ്പെടുന്നുണ്ട്.

## ക്ലബ്ബുകൾ

ലിറ്റിൽകൈറ്റ്, ഗ്രന്ഥശാല,സ്റ്റുഡന്റ് പോലീസ് കാഡറ്റ്,സ്കൗട്ട് & ഗൈഡ്സ് ജൂനിയർ റെഡ് ക്രോസ്,വിദ്യാരംഗം,സോഷ്യൽ സയൻസ് ക്ലബ്ബ്,സയൻസ് ക്ലബ്ബ്,ഗണിത ക്ലബ്ബ്,പരിസ്ഥിതി ക്ലബ്ബ്,ഫോറസ്ട്രി ക്ലബ്ബ്,ആർട്സ് ക്ലബ്ബ്,സ്പോർട്സ് ക്ലബ്ബ്,ടൂറിസം ക്ലബ്ബ്,ഫിലിം ക്ലബ്ബ്,സ്കൂൾവിക്കി ക്ലബ്ബ്,വിമുക്തി ക്ലബ്.

## സ്കൂൾ നേരിടുന്ന വെല്ലുവിളികൾ

- പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പഠനം മാധ്യമം ഇംഗ്ലീഷ് ആയതിനാൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
- ആധുനിക ലൈബ്രറി, റീഡിങ് റൂം,ലാബ് സൗകര്യം,സ്കൂൾ ഓഡിറ്റോറിയം അസംബ്ലി ഹാൾ എന്നിവയില്ല.

- കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ സൗകര്യം പാചകപ്പുരയ്ക്ക് ഇല്ല.
- രക്ഷിതാക്കളിൽ ഗുണമേന്മ വിദ്യാഭ്യാസത്തെ കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കൽ.
- ഇതിന് അനുയോജ്യമായി വിദ്യാഭ്യാസ സംവിധാനത്തിന്റെയും ഭരണനിർവഹണ പങ്കാളികളുടെയും മനോഭാവം മാറ്റിയെടുക്കൽ കടമ ബോധം സ്വാംശീകരിക്കൽ.
- നൂതന സാങ്കേതികവിദ്യയിലൂടെയുള്ള കാര്യക്ഷമമായ വിദ്യാഭ്യാസം നൽകുന്നുണ്ടെങ്കിലും എല്ലാ ക്ലാസ് മുറികളും ഹൈടെക് ആകാത്തതിനാൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
- നാട്ടിൽ ലഭ്യമായ വൈദഗ്ദ്ധ്യ ത്തെ കുട്ടിയുടെ ഗുണമേന്മ വിദ്യാഭ്യാസത്തിനും മുതൽക്കൂട്ടാക്കൽ.
- സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനത്തെയും ഏകോപിപ്പിക്കൽ.

## സാമൂഹിക ഇടപെടലും ജനപങ്കാളിത്തവും

സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളുടെ വികസനത്തിന് ജനപങ്കാളിത്തത്തോടെ പിടിഎയുടെ നേതൃത്വത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു മുതൽ 10 വരെ 51 ക്ലാസ്സുകളാണ് ഇപ്പോൾ പ്രവർത്തിയിൽ ഉള്ളത്.

എസ് എസ് കെ യിൽ നിന്ന് സ്റ്റാർസ് പദ്ധതി പ്രകാരം അനുവദിച്ച 10 ലക്ഷം രൂപ ഉപയോഗിച്ച് കെജി ക്ലാസുകൾ ആകർഷകമാക്കുക പഠനോപകരണങ്ങൾ കളിപ്പാട്ടങ്ങൾ എന്നിവ വാങ്ങുക കിഡ്സ് പാർക്ക് നവീകരിക്കുക എന്നിവ ചെയ്തിട്ടുണ്ട്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സി എസ് ആർ ഫണ്ട് പ്രകാരം സ്കൂളിന് നാല് ലക്ഷത്തി എൺപത്താറായിരം രൂപയുടെ സാധനങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ ഗവേഷണ ലൈബ്രറിക്കുള്ള പുസ്തകങ്ങൾ,റാക്കുകൾ,പ്രൈമറി ക്ലാസുകളിലേക്ക് ലാപ്ടോപ്പ്, പ്രൊജക്ടർ,ഓഡിറ്റോറിയത്തിലേക്കുള്ള മൈക്ക് സിസ്റ്റം എന്നിവ ഉൾപ്പെടുന്നു.

ഇടുക്കിയും ഇടുക്കി പദ്ധതി പ്രകാരം ഇടുക്കി ജില്ലാ പഞ്ചായത്തിൽ നിന്ന് ഒരു ലക്ഷം രൂപയുള്ള ഇൻ സിനറേറ്ററുകൾ സ്ഥാപിച്ചു.

# അപര്യാപ്തതകൾ

RMSA പദ്ധതിയിൽപ്പെടുത്തി കേരള ഗവൺമെൻറ് നടത്തുന്ന ഒരു സ്കൂളാണിത് LKG മുതൽ 12 ക്ലാസ് വരെ പ്രവർത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ ഈ സ്കൂളിൽ ലഭ്യമാക്കേണ്ടതുണ്ട്

KG വിഭാഗത്തിലുള്ള എല്ലാ ക്ലാസുകളും കൂടുതൽ ആകർഷകമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യേണ്ടതാണ് KG ക്ലാസുകൾ എല്ലാം ഒരുമിച്ച് ഒരേഭാഗത്ത് ആക്കുകവഴി കളികൾക്ക് കൂടുതൽ പ്രാധാന്യം നൽകുകയും കിഡ്സ് പാർക്ക് കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനു കഴിയുകയും ചെയ്യും ടോയ് ലറ്റ്, വാഷിംഗ് ഏരിയ എന്നിവയും കൊച്ചു കുട്ടികളുടെ ഉപയോഗത്തിനായി പ്രത്യേകമായി രൂപകല്പന ചെയ്യേണ്ടതാണ്

UP, HS വിഭാഗങ്ങളിലെ കുട്ടികൾക്കു് ശാസ്ത്രപഠനത്തിനായി ഭൗതിക ശാസ്ത്രം. രസതന്ത്രം. ജീവശാസ്ത്രം എന്നിവയ്ക്കും ഗണിതത്തിനും സാമൂഹ്യശാസ്ത്രത്തിനും പ്രത്യേകമായ ഇടങ്ങൾ ഉണ്ടാകേണ്ടതാണു് കുട്ടികൾക്ക് പരീക്ഷണങ്ങൾ നടത്തുന്നതിനും നിരീക്ഷണങ്ങൾക്കും പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഇത വളരെയേറെ പ്രയോജകമാകുന്നതാണ്

ലൈബ്രറി, റീഡിംഗ്റൂം ഇവയ്ക്കായി പ്രത്യേകമൊയാരു കെട്ടിടം പണ കഴിപ്പിക്കേണ്ടതാണ്. പുസ്തകങ്ങൾ പ്രദർശിപ്പിച്ചു വയ്ക്കുന്നതിനുള്ള ഭിത്തിയോട ചേർന്ന ഷെൽഫുകളും റാക്കുകളും കുട്ടികൾക്കിരുന്നു വായിക്കുന്നതിനുള്ള ഇരിപ്പിടങ്ങളും ക്രമീകരിക്കണം.

ഹൈസ്കൂൾ കെട്ടിടത്തിലേയ്ക്കുള്ള റോഡ് വാഹനമെത്തുന്ന രീതിയിൽകോൺക്രീറ്റ് ചെയ്യുകയോ ടാർ ഇടുകയോ ചെയ്യേണ്ടതാണ്.

ഹൈസ്കൂൾ കെട്ടിടത്തിൻറെ മുകൾഭാഗം കട്ട കെട്ടി ക്ലാസ് മുറികൾ തിരിക്കേണ്ടത് അത്യാവശ്യമാണ്.

മധ്യകാലം:LP ക്ലാസിനുള്ള പുതിയ കെട്ടിടത്തിൻറെ നിർമ്മാണം (1 വർഷം)

ദീർഘകാലം ലാബ് നവീകരണം:

ലൈബ്രറി റീഡിംഗ് റൂം (3 വർഷം)

പാകപ്പുര, ഡൈനിംഗ് റൂം (3 വർഷം)

ഹയർ സെക്കൻഡറി കെട്ടിടം (3 വർഷം)

# മുഖ്യ ലക്ഷ്യങ്ങൾ

- സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസമെന്ന ലക്ഷ്യത്തിലെത്തിച്ചേരുന്നതിനുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകും.
- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും
- ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും (LP, UP, HS ) കുട്ടി നേടേണ്ട കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷകർത്താക്കൾ അടക്കമുള്ള സമൂഹത്തെ അറിയിക്കും.
- കുട്ടികളുടെ അക്കാദമികവും സർഗ്ഗപരവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
- എല്ലാ കുട്ടികൾക്കും ഇംഗ്ലിഷ്, മലയാളം, ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനും ഉള്ള കഴിവ് ഉറപ്പുവരുത്തും
- സ്കൂൾ പഠനം പൂർത്തികരിക്കുന്ന ഏതൊരു കുട്ടിയും അവന്റെ കഴിവിനും അഭിരുചിക്കുമനുസരിച്ച് ഒരു തൊഴിൽ എങ്കിലും സ്വായത്തമാക്കും
- കലാ കായിക രംഗങ്ങളിൽ ഓരോ കുട്ടിയും അഭിരുചിക്കനുസരിച്ച് ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ മികവ് തെളിയിക്കുന്നതിനുള്ള അവസരമൊരുക്കും
- ക്യാമ്പസ് ഒരുപാഠപുസ്തകം എന്നരീതിയിൽ സ്കൂൾ ക്യാമ്പസിനെ മാറ്റിയെടുക്കും.
- തുല്യതയ്ക്കും ഗുണതയ്ക്കും ഊന്നൽ നൽകും
- പരിസ്ഥിതി സൗഹൃദമനോഭാവവും ആരോഗ്യകരമായ ശീലങ്ങളും വളർത്തുന്നതിന് ഊന്നൽ നൽകും
- ഭിന്നശേഷിക്കാരായ കുട്ടികളെ പ്രത്യേകം പരിഗണിക്കും
- കുട്ടികളുടെ അടിസ്ഥാന ഗണിത അഭിരുചി വളർത്തുകയും ഗണിത ശേഷികൾ വർദ്ധിപ്പിക്കുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യും
- ഓരോ കുട്ടിയും തൻറെ ആവശ്യങ്ങൾ, താല്പര്യങ്ങൾ അഭിലാഷങ്ങൾ എന്നിവ പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നതിന് പ്രാപ്തരാകും
- ലഹരി വിമുക്തമായ സന്തോഷ വിദ്യാലയം സാധ്യമാക്കും
- സ്കൂളും പരിസരവും ശുചിയായും ഹരിതാഭമായും സംരക്ഷിക്കും.

## കെട്ടിടം, മറ്റു ഭൗതികസൗകര്യങ്ങൾ

RMSA പദ്ധതിയിൽപ്പെടുത്തി കേരള ഗവൺമെൻറ് നടത്തുന്ന ഒരു സ്കൂളാണിത് LKG മുതൽ 12-ാം ക്ലാസ് വരെ പ്രവർത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ ഈ സ്കൂളിൽ ലഭ്യമാക്കേണ്ടതുണ്ട്

KG വിഭാഗത്തിലുള്ള എല്ലാ ക്ലാസുകളും കൂടുതൽ ആകർഷകമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യേണ്ടതാണ് KG ക്ലാസുകൾ എല്ലാം ഒരുമിച്ച് ഒരേഭാഗത്ത് ആക്കുകവഴി കളികൾക്ക് കൂടുതൽ പ്രാധാന്യം നൽകുകയും കിഡ്സ് പാർക്ക് കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനു കഴിയുകയും ചെയ്യും ടോയ് ലറ്റ്, വാഷിംഗ് ഏരിയ എന്നിവയും കൊച്ചു കുട്ടികളുടെ ഉപയോഗത്തിനായി പ്രത്യേകമായി രൂപകല്പന ചെയ്യേണ്ടതാണ്

UP, HS വിഭാഗങ്ങളിലെ കുട്ടികൾക്ക് ശാസ്ത്രപഠനത്തിനായി ഭൗതികശാസ്ത്രം. രസതന്ത്രം. ജീവശാസ്ത്രം എന്നിവയ്ക്കും ഗണിതത്തിനും സാമൂഹ്യശാസ്ത്രത്തിനും പ്രത്യേകമായ ഇടങ്ങൾ ഉണ്ടാകേണ്ടതാണ് കുട്ടികൾക്ക് പരീക്ഷണങ്ങൾ നടത്തുന്നതിനും നിരീക്ഷണങ്ങൾക്കും പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഇതു വളരെയേറെ പ്രയോജകമാകുന്നതാണ്

ലൈബ്രറി, റീഡിംഗ്റൂം ഇവയ്ക്കായി പ്രത്യേകമായൊരു കെട്ടിടം പണികഴിപ്പിക്കേണ്ടതാണ്. പുസ്തകങ്ങൾ പ്രദർശിപ്പിച്ചു വയ്ക്കുന്നതിനുള്ള ഭിത്തിയോട ചേർന്ന ഷെൽഫുകളും റാക്കുകളും കുട്ടികൾക്കിരുന്നു വായിക്കുന്നതിനുള്ള ഇരിപ്പിടങ്ങളും ക്രമീകരിക്കണം.

ഹൈസ്കൂൾ കെട്ടിടത്തിലേയ്ക്കുള്ള റോഡ് വാഹനമെത്തുന്ന രീതിയിൽകോൺക്രീറ്റ് ചെയ്യുകയോ ടാർ ഇടുകയോ ചെയ്യേണ്ടതാണ്.

ഹൈസ്കൂൾ കെട്ടിടത്തിൻറെ മുകൾഭാഗം കട്ട കെട്ടി ക്ലാസ് മുറികൾ തിരിക്കേണ്ടത് അത്യാവശ്യമാണ്.

മധ്യകാലം:LP ക്ലാസിനുള്ള പുതിയ കെട്ടിടത്തിൻറെ നിർമ്മാണം (1 വർഷം )

ദീർഘകാലം ലാബ് നവീകരണം, ലൈബ്രറി റീഡിംഗ് റൂം (3വർഷം)

പാചകപ്പുര, ഡൈനിംഗ് റൂം (3 വർഷം)

ഹയർ സെക്കൻഡറി കെട്ടിടം (3 വർഷം)

# പ്രവർത്തനങ്ങൾ
# വിഷയാടിസ്ഥാനത്തിൽ

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | സെപ്തംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ SRG SMC സ്കൂൾ വികസന സമിതി. | SMC |
| | 2) അമ്മ പറയട്ടെ അമ്മമാർ കുട്ടി കഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ SRG മദർ പി.ടി.എ. | മദർ പി.ടി.എ. |

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് – II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | SSG<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

# പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം - അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപ ര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസാശ,<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ്.എം. അവതരണ മികവ്. | **സെന്റ് മേരീസ് എഫ്.എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭ കളെ അടുത്ത റിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ<br>SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ<br>ഡിസംബർ | അദ്ധ്യാപകർ<br>SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ<br>ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല<br>SMC<br>SRG | ക്ലബ്ബ്<br>SMC<br>SRG |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ<br>സാഹിത്യ ക്ലബ്ബ് | വായനശാല |

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘ ടിപ്പി ക്കൽ. ആവശ്യ മായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്ന തുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമാ പ്രദർശനം | മാസത്തിൽ ഒന്ന് | SRG | S S A |
| | ജ്ഴഹശവെ റ്വ്യ ജ്ഴഹശവെ മലൈായഹ്യ. | ആഴ്ചയിൽ ഒന്ന് | Class Teacher | |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk…… പ്രതിഭാധനരുമായി സംവദിക്കൽ.<br>English ബാലസഭ.<br>ഇംഗ്ലീഷ് അസംബ്ലി<br>One day English | മൂന്ന് മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന - ആശയ മറിഞ്ഞും ഒഴു ക്കോടെയും | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | ജഠഅ | ട ട അ<br>ട ങ ഇ |
| | വാർത്താവായനാ മത്സരം സംഘടി പ്പിക്കൽ | മാസത്തിൽ ഒന്ന് | ഠലമരവല്യ | ടമേളള |
| | വായനാക്യാമ്പു കൾ | 3 മാസത്തിൽ ഒന്ന് | ട ട അ | ട ട അ |
| | ബാല പ്രസിദ്ധീ കരണങ്ങളുടെ വായന | ജൂൺ - മാർച്ച് | ഇഹമൈ ഠലമരവല്യ | ട ങ ഇ |

# English – Std IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൂ | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br><br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br><br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br><br>സപ്തംബർ<br><br>മാസത്തിൽ ഒന്ന് വീതം | ടഞഎ<br><br>ക്ലാസ് ടീച്ചർ<br><br>SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല<br>രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും.<br>ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | SSA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള<br>ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | SSA<br>Staff<br>SMC |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ. ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്.<br>കാണാക്കാഴ്ചകൾ - ഇഉ | സപ്തംബർ<br>ഡിസംബർ | ടീച്ചേർസ്<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ- ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | SRG SMC | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

## ...ല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...ായി ഇംഗ്ലീഷ് ...ാനും അനായാസം ...ിക്കുവാനും ...ം ഒരുക്കുന്നു. | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

## ...മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...തെറ്റ് കൂടാതെ ഇംഗ്ലീഷ് ...ഴുതാൻ പ്രാപ്തരാക്കു...ു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| ...) ഇംഗ്ലീഷ് ഭാഷയോടുള്ള ...ആത്മവിശ്വാസം ഉയർത്തു...ന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത് ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ. ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്...........<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്** ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം** ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു.<br>3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത **Fullerine** പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച** ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

## ൈഹസ്കൂൾ – മലയാളം

| | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| എഴുത്തു | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| ുഖീകരി ുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 2) മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| | ഹിന്ദി തിയേറ്ററുകൾ സജീകരിക്കുക. | | | |
| 3) വിവർത്തകർ, വാർത്ത വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ |
| | പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | പി.ടി.എ |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ... വ... |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, നസ്സുക... |

# മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം,** പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) **വൈജ്ഞാനിക ബഹിർസ്ഫുരണം:** അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ്, ഹരിത സേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

മേഖല: ആരോഗ്യകായിക വിദ്യാഭ്യാസം

ലക്ഷ്യം: കായികപരിശീലനം കാര്യക്ഷമമാക്കുക

- കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി ആദരിക്കൽ
- 5 വർഷത്തിനുള്ളിൽ കുറഞ്ഞത് എല്ലാ കുട്ടികളേയും സംസ്ഥാനതലം വരെ എത്തിക്കുക.
- 1 മുതൽ 8 വരെ സ്ഥാനം നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കി എടുക്കുക.
- ശാരീരികമായ ഉന്മേഷം ഉള്ളവരാക്കി മാറ്റുവാൻ പാകത്തിനുള്ള യോഗാമുറകൾ അഭ്യസിപ്പിക്കുക.
- 5 വർഷത്തിനുള്ളിൽ ആരോഗ്യമുള്ള കുട്ടികളെ വാർത്തെടുക്കുക. ആരോഗ്യ കായിക വിദ്യാഭ്യാസത്തെക്കുറിച്ച് അറിവുള്ള കുട്ടികളെ വാർത്തെടുക്കുക. കായികമേഖലയിൽ പ്രഗത്ഭരായ കുട്ടികളെ വളർത്തിയെടുക്കുക

<u>ഹ്രസ്വകാല പ്രവർത്തനങ്ങൾ</u>

- ആദ്യത്തെ 7 മാസത്തിനുള്ളിൽ കുട്ടികളെ മാനസികവും ശാരീരിക വുമായി കായികപ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള ഫിറ്റ്നെസ് വളർത്തിയെടുക്കുക.
- ആഴ്ചയിൽ 3 ദിവസമെങ്കിലും കുട്ടികൾക്ക് പരിശീലന പരിപാടികൾ ഏർപ്പെടുത്തുക
- ഈ സമയങ്ങളിൽ കുട്ടികൾക്ക് കണ്ടീഷൻ വർക്ക്ഔട്ടുകൾ കൊടുക്കുക, Streching Exercise, Yoga, Relaxation Exercise, Games, Warming up എന്നിവ ഇതിൽ ഉൾപ്പെടുത്തുക
- . ഇതിനായി ആവശ്യത്തിനുള്ള ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുക.
- .സ്കൂളിലെ മുഴുവൻ കുട്ടികൾക്കും പങ്കെടുക്കാനും അവരുടെ കായികപരമായ കഴിവുകൾ തിരിച്ചറിയാനും വളർത്തിയെടുക്കാനും വേണ്ടി സ്പോർട്സ് ദിനം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക.

മേഖല: ആരോഗ്യകായിക വിദ്യാഭ്യാസം

ലക്ഷ്യം: കായികപരിശീലനം കാര്യക്ഷമമാക്കുക

- കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി ആദരിക്കൽ
- 5 വർഷത്തിനുള്ളിൽ കുറഞ്ഞത് എല്ലാ കുട്ടികളേയും സംസ്ഥാനതലം വരെ എത്തിക്കുക.
- 1 മുതൽ 8 വരെ സ്ഥാനം നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കി എടുക്കുക.
- ശാരീരികമായ ഉന്മേഷം ഉള്ളവരാക്കി മാറ്റുവാൻ പാകത്തിനുള്ള യോഗാമുറകൾ അഭ്യസിപ്പിക്കുക.
- 5 വർഷത്തിനുള്ളിൽ ആരോഗ്യമുള്ള കുട്ടികളെ വാർത്തെടുക്കുക. ആരോഗ്യ കായിക വിദ്യാഭ്യാസത്തെക്കുറിച്ച് അറിവുള്ള കുട്ടികളെ വാർത്തെടുക്കുക. കായികമേഖലയിൽ പ്രഗത്ഭരായ കുട്ടികളെ വളർത്തിയെടുക്കുക

<u>ഹ്രസ്വകാല പ്രവർത്തനങ്ങൾ</u>

- ആദ്യത്തെ 7 മാസത്തിനുള്ളിൽ കുട്ടികളെ മാനസികവും ശാരീരിക വുമായി കായികപ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള ഫിറ്റ്നെസ് വളർത്തിയെടുക്കുക.
- ആഴ്ചയിൽ 3 ദിവസമെങ്കിലും കുട്ടികൾക്ക് പരിശീലന പരിപാടികൾ ഏർപ്പെടുത്തുക
- ഈ സമയങ്ങളിൽ കുട്ടികൾക്ക് കണ്ടീഷൻ വർക്ക്ഔട്ടുകൾ കൊടുക്കുക, Streching Exercise, Yoga, Relaxation Exercise, Games, Warming up എന്നിവ ഇതിൽ ഉൾപ്പെടുത്തുക
- . ഇതിനായി ആവശ്യത്തിനുള്ള ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുക.
- .സ്കൂളിലെ മുഴുവൻ കുട്ടികൾക്കും പങ്കെടുക്കാനും അവരുടെ കായികപരമായ കഴിവുകൾ തിരിച്ചറിയാനും വളർത്തിയെടുക്കാനും വേണ്ടി സ്പോർട്സ് ദിനം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക.

- സമ്മാനാർഹരാകുന്ന കുട്ടികളെ അവാർഡ് /സമ്മാനങ്ങൾ നൽകി അനുമോദിക്കുക.
- യോഗാമുറകൽ അഭ്യസിക്കാനുള്ള ശരീരത്തിന്റെ കഴിവ് വർദ്ധിക്കുകയും, ആരോഗ്യക്ഷമത കൈവരിക്കുകയും ചെയ്യുന്നു.
- ചുമതലകൾ : പി. റ്റി. എ., ഹെഡ്മാസ്റ്റർ, കായികാദ്ധ്യാപകൻ
- ചെലവ് 120000/-, ഗ്രൗണ്ട് മെയിൻറനൻസ്, എക്യുപ്മെൻറ് എന്നിവയ്ക്ക് സ്പോൺസറിനെ കണ്ടെത്തുകയും, പി. റ്റി എ സഹായിക്കുകയും പഞ്ചായത്തുമായി ബന്ധപ്പെട്ട് വികസനം നടത്തുകയും ചെയ്യുക.

<u>ദീർഘകാല പ്രവർത്തനങ്ങൾ</u>

- മുഴുവൻ കുട്ടികളിലും ആരോഗ്യ കായിക വിദ്യാഭ്യാസത്തിൻറെ ആവ ശ്യകത മനസിലാക്കാനും, ആരോഗ്യപരവും മാലിന്യമുക്തവുമായ അന്തരീക്ഷം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ.
- സ്കൂളിലെ മുഴുവൻ കുട്ടികളും ഏതെങ്കിലും കായിക പ്രവർത്തനങ്ങ ളിൽ ഏർപ്പെടുകയും, മറ്റുള്ളവർക്ക് പ്രചോദനമാകാനും സ്വയംപ്രാപ്തരാകുന്നു.
- സമീപസ്ഥലങ്ങളിൽ <u>ഉള്ള</u> കുട്ടികൾക്കും മുതിർന്ന വർക്കും യോഗ, നീന്തൽ തുടങ്ങിയ പരിശീലനം നൽകാനും കുട്ടികൾ പ്രാപ്തരാകുക
- കൂടുതൽ കുട്ടികളെ സംസ്ഥാന തലത്തിൽ സമ്മാനാർഹരാക്കുവാനും ദേശീയതലത്തിൽ വരെ പങ്കെടുക്കുവാനും പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തന ങ്ങൾ.
- പൊതു പരിശീലന പരിപാടികളിൽ എല്ലാ കുട്ടികളു ടേയും സാന്നിധ്യം ഉറപ്പാക്കുന്നു.

- ആരോഗ്യപരമായ അന്തരീക്ഷമുള്ള മാലിന്യമുക്ത ക്യാമ്പസും, കായി കമേഖലയിൽ ഉന്നത നേട്ടം വരിക്കുന്നതുമായ സ്കൂൾ അന്തരീക്ഷം നിർമ്മിച്ചെ ടുക്കുക.
- സ്കൂളിനെ ഒരു മാതൃകാ വിദ്യാലയമാക്കി മാറ്റുക എന്ന ലക്ഷ്യം പൂർത്തിയാക്കുക.

# പ്രവൃത്തി പരിചയം

## ലക്ഷ്യങ്ങൾ

1. വിവിധ പ്രവൃത്തി പരിചയ നിർമ്മാണാത്മക കഴിവുകൾ കുട്ടികളിൽ പ്രോൽസാഹിപ്പിക്കുക

2. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

3. ഇതരവിഷയപഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക പ്രവർത്തന പരിപാടികളുടെ ഭാഗമായി എംബ്രോയിഡറി, പെയിന്റിം ഗ്, പേപ്പർ ക്യാരിബാഗ് നിർമ്മാണം, ക്ലേമോഡലിംഗ്, കൗതുകവസ്തുക്കൾ നിർമ്മാണം, കൂട നിർമ്മാണം, സോപ്പു നിർമ്മാണം, പേപ്പർ കൊണ്ട് വിവിധതരത്തിലുള്ള പൂക്കൾ നിർമ്മാണം, വസ്ത്ര നിർമ്മാണം. നാട്ടിലുള്ള വൈദഗ്ധ്യത്തെ കുട്ടികളുടെ സർഗ്ഗവകാസത്തിന് പ്രയോജ നപ്പെടുത്താം.

ഹ്രസ്വകാല പ്രവർത്തനങ്ങൾ

1. കുട്ടികളുടെ കലാവാസനകൾ പ്രകടിപ്പിക്കാൻ ക്ലാസ്മുറികളിൽ അവസരം കൊടുക്കുന്നു

2. കുട്ടികൾക്ക് പേപ്പറുകൊണ്ടുള്ള വർക്കുകൾ 3 മാസങ്ങൾ കൊണ്ട് ചെയ്ത് പഠിക്കാവുന്നതാണ്.

3. പെയിന്റിംഗ് 3 മാസംകൊണ്ട് ചെയ്യാവുന്നതാണ്.

മധ്യകാലപ്രവർത്തനങ്ങൾ

1. കുട്ടികൾക്ക് കൂടുതൽ പരിശീലനം നൽകുന്നു.

2. ഓരോ പ്രവർത്തിക്കും അതിൻ്റെതായ രീതിയിലുള്ള പ്രോൽസാഹനം കൊടുക്കണം.

3. ഇതിൻ്റെ ചെലവുകൾക്ക് പഞ്ചായത്തു തലത്തിൽ നിന്നും എസ് എസ്. കെ വഴിയും തുക അനുവദിക്കണം.

ദീർഘകാലപ്രവർത്തനങ്ങൾ

1. കുട്ടികൾക്ക് കൂടുതൽ പ്രവർത്തനങ്ങൾ കാണുന്നതിനുള്ള അവസരങ്ങൾ ഒരുക്കണം.

2. കുട്ടികളെ പഠനയാത്രകൾക്ക് കൊണ്ടുപോകണം

# കലാപഠനം

## ലക്ഷ്യങ്ങൾ

- വിവിധ കലകളെക്കുറിച്ച് കുട്ടികളിൽ അവബോധം വളർത്തുക.
- കുട്ടികളിലുള്ള സർഗവാസനകൾ വികസിപ്പിക്കുക.
- കലാരംഗത്തേയ്ക്ക് കടന്നു വരാൻ കുട്ടികളെ പ്രോൽസാഹിപ്പിക്കുക.
- കലാപരമായി കഴിവുള്ള കുട്ടികൾക്ക് കൂടുതൽ പ്രോൽസാഹനം നൽകുക.
- കേരളത്തിൻ്റെ തനത് കലാരൂപങ്ങളെക്കുറിച്ച് കുട്ടികൾക്ക് അറിവു പകരുക..
- കുട്ടികളുടെ കലാവാസനകൾ പ്രകടിപ്പിക്കാൻ സർഗവേളയിൽ അവസരം നൽകുന്നു
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് സാഹത്യകാരന്മാരെ പരിചയപ്പെടുത്തുകയും അവരുടെ കൃതികൾ ആവിഷ്ക്കരിക്കാനുള്ള അവസരം നൽകുകയും ചെയ്യുന്നു.
- ദിനാചരണത്തോടനുബന്ധിച്ച് പ്രസംഗമൽസരങ്ങൾ സംഘടിപ്പിക്കുന്നു.
- ഓരോ അസംബ്ലിക്കും ഓരോ ക്ലാസിൽ നിന്നും ഓരോ കലകൾ അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു.
- കലാകാരന്മാരെ സ്കൂളിൽവെച്ച് ആദരിക്കുന്നു.

**മധ്യകാലപ്രവർത്തനങ്ങൾ**

- കലാവാസനയുള്ള കുട്ടികൾക്ക് കൂടുതൽ പരിശീലനം നൽകുന്നു.
- ഓരോ കലയിലും വിദഗ്ധരായവരുടെ സേവനം ലഭ്യമാക്കുന്നു.
- ഐ. സി. റ്റി യിലൂടെ വിവിധ കലാരൂപങ്ങൾ ദൃശ്യവൽക്കരിക്കുന്നു.

**ദീർഘകാലപ്രവർത്തനങ്ങൾ**

- അന്യം നിന്നു പോകുന്ന കലാരൂപങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു.
- വിവിധ തനത് കലാരൂപങ്ങൾക്കുപയോഗിക്കുന്ന വേഷഭൂഷാദികൾ പ്രദർശിപ്പിക്കുന്ന മ്യൂസിയം തയ്യാറാക്കുന്നു.
- വിവിധതരം കലാരൂപങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്താനായി ഇവയുടെ ചിത്രപ്രദർശനം നടത്തുന്നു.
- കലകളെക്കുറിച്ച് കൂടുതൽ അറിവ് നേടാനായി കലകൾ രൂപം കൊണ്ട പ്രദേശത്തേയ്ക്ക് പഠനയാത്ര സംഘടിപ്പിക്കുന്നു:

# പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള പരിശീലന പരിപാടി

**ലക്ഷ്യങ്ങൾ**

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മറ്റെല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന പരിഗണന ഉറപ്പാക്കുക (സവിശേഷ സാഹചര്യങ്ങളിൽ അധികപരിഗണന നൽകേണ്ടി വരും)

ഈ വിഭാഗം കുട്ടികൾക്ക് ഓരോ ക്ലാസിനും - വിഷയത്തിനും അനുരൂപീകരിച്ച സൂക്ഷ്മതല പ്രക്രിയ തയ്യാറാക്കി ട്രൈഔട്ട് ചെയ്ത് മെച്ചപ്പെടുത്തുക.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സർഗ്ഗാത്മകമായ കഴി വുകൾ കണ്ടെത്താനും പരിപോഷിപ്പിക്കാനും പദ്ധതികൾ ആവിഷ്ക രിച്ച് നടപ്പിലാക്കുക.

ആധുനിക സാങ്കേതിക വിദ്യയിൽ പിന്നിലാവാതിരിക്കാൻ കുട്ടികൾക്കും രക്ഷിതാക്കൾക്കും അനുരൂപീകരിച്ച കമ്പ്യൂട്ടർ പരിശീലനം.

ഈ വിഭാഗത്തിലുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും രൂപീകരിക്കണം. പലതരം സവിശേഷതകൾ നേരിടുന്ന കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്താൻ പ്രദേശത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുമായി യോജിച്ചു കൊണ്ടുള്ള മെഡിക്കൽ പരിശോധനകൾ, വിവിധ സ്കീമുകളിലൂടെ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ യഥാസമയം നേടിയെടുക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ, റിസോഴ്സ് അധ്യാപകരെ യഥാസമയം നിയോഗിക്കാനാവശ്യമായ ഇടപെടലുകൾ, പാഠഭാഗങ്ങൾ യഥാസമയം അനുരൂപീകരണം നടത്തുന്നതിനുള്ള ക്യാമ്പുകൾ, സാമഗ്രി കൾ ഈ വിഭാഗം കുട്ടികളുടെ സവിശേഷ കഴിവുകൾ, ആധുനിക സാങ്കേതി കവിദ്യാസാധ്യതകൾ ആവശ്യമായ മാറ്റങ്ങളോടെ ഈ കുട്ടികൾക്കും പ്രാപ്യ മാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, രക്ഷകർതൃവിദ്യാഭ്യാസം എന്നിവ യെല്ലാം പ്രവർത്തന പദ്ധതിയുടെ ഭാഗമാകണം.

ഇതോടൊപ്പം പ്രധാനമാണ് സ്കൂളിലെ അധ്യാപകര അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും ഫലപ്രദമായി നിർവഹിക്കാനും പ്രാപ്തരാക്കുന്നതിനുള്ള അന്വേഷണങ്ങൾ നടത്തുകയെന്നത്.ഇതിനായും ഫലപ്രദമായ കർമ്മപരിപാടികൾ ഉണ്ടാകണം.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ മികവ് എന്നത് അക്കാദമിക മികവാണ്. ആയതിനാൽ കരിക്കുലം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ അതത് പ്രായത്തിൽ കുട്ടികൾക്ക് ലഭിച്ചു എന്ന് ഉറപ്പാക്കണം. കുട്ടികളുടെ ശാരീരിക മാനസിക വൈകാരികതലങ്ങളെ കണ്ടുകൊണ്ടാകണം അക്കാദമിക ആസൂത്രണം മതനിരപേക്ഷത, സഹവർത്തിത്വം, സഹകരണം, അനുതാപം, സംഘബോധം, ലിംഗാവബോധം, തുല്യത സമഭാവന, ശാസ്ത്രബോധം, അരുതായ്മകൾക്കെതിരെ നിലകൊള്ളണമെന്ന ബോധം തുടങ്ങിയ ജനാധിപത്യമതനിരപേക്ഷകസമൂഹത്തിന് അനിവാര്യ മായ മൂല്യബോധവും മനോഭാവവും പഠനാനുഭവങ്ങളിലൂടേയും മറ്റ് സ്കൂൾ അനുഭവങ്ങളിലൂടേയും ഉണ്ടാകാനാവശ്യമായ കരുതൽ ഉണ്ടാവണം.

## 2025 -26
## അധ്യയനവർഷ പ്രവർത്തന ആസൂത്രണം

## JUNE 2025

JUNE 2: പ്രവേശനോത്സവം

നവാഗതർക്ക് സ്വാഗതം
പൊതു മീറ്റിംഗ്
എസ് ആർ ജി സ്റ്റാഫ് മീറ്റിംഗ്
മധുര പലഹാര വിതരണം
കുട്ടികളുടെ വിവിധ കലാപരിപാടികൾ

June 03: സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

LP:പൊതുകാര്യങ്ങൾ
UP&HS ലഹരി ഉപയോഗത്തിനെതിരെ

June 04:സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

LP,UP,HS ട്രാഫിക് നിയമങ്ങൾ

june 05:സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

LP,UP,HS വ്യക്തിശുചിത്വം,പരിസരശുചിത്വം,സ്കൂൾ സൗന്ദര്യ വത്ക്കരണം

June 5: പരിസ്ഥിതി ദിനാചരണം

വൃക്ഷത്തൈ വിതരണം
പച്ചക്കറി തോട്ട നിർമ്മാണം
ഹരിത ക്ലബ്ബ് ഉദ്ഘാടനം
വിവിധ മത്സരങ്ങൾ

June 09.സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

ആരോഗ്യം, വ്യായാമം, കായികക്ഷമത

June 10.സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

ഡിജിറ്റൽ അച്ചടക്കം

June 10: S R G മീറ്റിംഗ്

June 12:സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

(LP,UP) പരസ്പര സഹകരണത്തിന്റെ പ്രാധാന്യം
HS റാഗിംഗ്, വൈകാരിക നിയന്ത്രണമില്ലായ്മ,പരസ്പര സഹകരണത്തിന്റെ പ്രാധാന്യം

June 13.സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

പൊതുക്രോഡീകരണം

June 13 :SSLC PTA Meeting

എസ് എസ് എൽ സി കുട്ടികളുടെ പിടിഎ
പൊതുവായ നിർദ്ദേശങ്ങൾ
എസ് എസ് എൽ സി കാർഡുകളുടെ തിരുത്തലുകൾ

June 19: വായനാദിനം

വായനാദിന മത്സരങ്ങൾ
വായന വാരാചരണം
ക്ലാസ് ലൈബ്രറി രൂപീകരണം

June Last Week: PTA/ MPTA ജനറൽ ബോഡി
പുതിയ അംഗങ്ങളുടെ തിരഞ്ഞെടുപ്പ്

എസ്എസ്എൽസി മോണിംഗ്, ഈവനിംഗ് ക്ലാസുകളുടെ ആരംഭം

June 21: യോഗാ ദിനം

സ്കൗട്ട് ആൻഡ് ഗൈഡ് നേതൃത്വം നൽകുന്ന യോഗാദിന പ്രവർത്തനങ്ങൾ

June: 26: ലോക മയക്കുമരുന്ന് വിരുദ്ധ ദിനം സ്കൂൾ അസംബ്ലി

മയക്കുമരുന്ന് വിരുദ്ധ പ്രതിജ്ഞ, റാലി

വിമുക്തി ക്ലബ്ബ് രൂപീകരണം

ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ

July 2025

July 1: എസ് ആർ ജി മീറ്റിംഗ്
ജൂൺ മാസ പ്രവർത്തന വിലയിരുത്തൽ ജൂലൈ മാസപ്രവർത്തന ചർച്ച July
5: ബഷീർ ദിനം
വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം

മലയാളം ക്ലബ്ബ് പ്രവർത്തനങ്ങൾ

ബഷീർ അനുസ്മരണ പ്രഭാഷണം

നാടകാവതരണം

വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിലുള്ള സ്കൂൾ അസംബ്ലി

July 11: ലോക ജനസംഖ്യാദിനം

സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ

നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ

July 16: സ്കൂൾ സുരക്ഷാ ദിന ബോധവൽക്കരണ പ്രവർത്തനങ്ങൾ

July 18,19: സ്കൂൾ കലോത്സവം

July 21: ചാന്ദ്രദിനം

സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ

July 27 : എപിജെ അബ്ദുൽ കലാം ചരമദിനം

July 29,30,31:സ്കൂൾ മിഡ്ടെർമിനൽ എക്സാമിനേഷൻ

Little Kites
Preliminary camp(Batch 1)
Batch 2:class 18,19
August 2025

August 04: SRG മിഡ് ടെർമിനൽ എക്സാമിനേഷൻ വിലയിരുത്തൽ AUGUST 06 : ഹിരോഷിമ ദിനം

സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ: പോസ്റ്റർ നിർമ്മാണം, പ്രസംഗം

AUGUST 07,08 സ്കൂൾ ശാസ്ത്രമേളകൾ
ഗണിതം, സോഷ്യൽ സയൻസ്, സയൻസ്,, ഐ ടി,
പ്രവർത്തിപരിചയമേളകൾ
AUGUST 09: ക്വിറ്റിന്ത്യാ ദിനാചരണം

സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന നാടകാവതരണം,
മറ്റു പ്രവർത്തനങ്ങൾ
AUGUST 15: സ്വാതന്ത്ര്യ ദിനം

സ്വാതന്ത്ര്യദിനാഘോഷവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ

AUGUST 23: ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിലുള്ളഗണിത അസംബ്ലി

AUGUST 29,30 : സ്കൂൾതല സ്പോർട്സ് ദിനം

Little Kites
class 2(Batch 1)
Batch 2:class 20,21

## SEPTEMBER 2025

September 02: S R G ഓഗസ്റ്റ് മാസ പ്രവർത്തന വിലയിരുത്തൽ
സെപ്റ്റംബർ മാസ പ്രവർത്തന ആസൂത്രണം

September 05: അധ്യാപക ദിനം

September 08: സാക്ഷരതാ ദിനം

15: ജനാധിപത്യദിനം
സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധ
പ്രവർത്തനങ്ങൾ

September 16:ozone day

സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ
Little Kites
Class 3,4(Batch 1)
Batch 2:class 22
School camp

September 27: ക്ലാസ് പിടിഎ

ജില്ലാ തല ഐ ടി ക്വിസ്
ടാലന്റ് സേർച്ച് (സയൻസ് മാത്സ് സോഷ്യൽ സയൻസ്
സി വി രാമൻ ഉപന്യാസ മത്സരം
സയൻസ് ഡ്രാമ - സ്കൂൾ തലം
ഭാസ്കരാചാര്യ സെമിനാർ -ഉപജില്ല തലം

രാമാനുജൻ പേപ്പർ പ്രസന്റേഷൻ സ്കൂൾ തലം
20 .വിദ്യാരംഗം ഉപജില്ലാതല സർഗോത്സവം

October 2025
October 02: ഗാന്ധിജയന്തി
സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ പരിസര ശുചീകരണം.
വിവിധ പരിപാടികൾ

October 06: SRG

സബ്ജില്ല ശാസ്ത്ര, കലാ, കായിക മേളയ്ക്കുള്ള തയ്യാറെടുപ്പുകൾ

October 15: വിദ്യാർത്ഥി ദിനം

വിവിധക്ലബ്ബുകളുടെആഭിമുഖ്യത്തിൽ നടത്തുന്ന വിവിധപ്രവർത്തനങ്ങൾ

October 16: ഭക്ഷ്യദിനം

Food Fest

Little Kites
class 5,6(Batch 1)
Batch 2:class 23,24,25
Batch 3: Assignment submission

October 24:UN Day

4 ,5 ,18 ,19 ഉപ ജില്ലാ ക്യാമ്പ് -9
സൈബർ സുരക്ഷാ ബോധവത്കരണം
4. H S പ്രവൃത്തി ദിനം
25 UP ,H S പ്രവൃത്തി ദിനം

ഐ ടി പരീക്ഷ ,ഉപ ജില്ലാ ,ജില്ലാതല ഐ ടി ഫെസ്റ്റ്
വാങ്മയം ജില്ലാ തല പരീക്ഷ
സബ് ജില്ലാ -ജില്ലാ തല മതസരങ്ങൾ
കലോത്സവം ശാസ്ത്രോട്സവം
ടാലന്റ് സെർച്ച് മാത്സ്, സയൻസ്, സോഷ്യൽ സയൻസ്
രാമാനുജൻ പേപ്പർ പ്രസന്റേഷൻ
സയൻസ് ഡ്രാമ
November 2025
November 01 :കേരളപ്പിറവി ദിനാഘോഷം

വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ

November 04 : ഗണിത ശില്പശാല

November 05 : SRG മീറ്റിംഗ്November 07 : ഭാരത സ്കൗട്ട് ആൻഡ് ഗൈഡ് സ്ഥാപക ദിനം

സി വിരാമൻ ദിനം

ശാസ്ത്രജ്ഞന്മാരും കണ്ടുപിടുത്തങ്ങളും : ബുള്ളറ്റിൻ ബോർഡ് പ്രദര്ശനം,നാടകാവതരണം.

November 11: ദേശീയ വിദ്യാഭ്യാസ ദിനം

സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ

November14:ശിശുദിനം
സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ

November25:ക്ലാസ് പിടിഎ

പഠന പിന്തുണ ആവശ്യമുള്ള കുട്ടികളുടെ രക്ഷകർത്താക്കൾക്ക്

November26:ഭരണഘടനാദിനം

സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ

November - Last Week : സ്റ്റഡി ടൂർ

Little Kites

(Batch 1)class 7,8

Batch 2:class 26,27,28

Batch 3;Group assignment

submission

State IT Fest

21 ,22 വിദ്യാരംഗം ജില്ലാതല സർഗോത്സവം

സംസ്ഥാന തല മേളകൾ

December 2025

December 02 : SRG

December 03: ഭിന്നശേഷി ദിനം

December 03 : ഭോപ്പാൽ ദുരന്തം

സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തുന്ന    പരിപാടികൾ

10.മനുഷ്യാവകാശ ദിനം

സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ

Little Kites

(Batch 1)class 9-13 (saturday)

Batch 2:class 29

Batch 3:Atal Tinkering lab visit

11 .രണ്ടാം പാദവാർഷിക പരീക്ഷ തുടക്കം

19 .രണ്ടാം പാദവാർഷിക പരീക്ഷക്കു ശേഷം സ്കൂൾ അടക്കുന്നു

1 -31 സ്കൗട്ട് :സംസ്ഥാന തല രാജ്യ പുരസ്കാർ

27 -29 യൂണിറ്റ് തല വാർഷിക ക്യാമ്പ്

29. രണ്ടാം പാദ വാർഷിക പരീക്ഷക്ക് ശേഷം സ്കൂൾ തുറക്കുന്ന ദിവസം

January 2026

January 01: പുതുവത്സര ദിനം

January 05: SRG മീറ്റിംഗ്

January 07: ക്ലാസ് പിടിഎ

(SSLC സ്പെഷ്യൽ കോച്ചിംഗ്, റിവിഷൻ ടെസ്റ്റ്)

January 26: Republic Day

January 30 : രക്തസാക്ഷിത്വ ദിനം

സോഷ്യൽ സയൻസ് ക്ലബ്ബിന്റെ   ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടികൾ

Little Kites

(Batch 1)class 14,15

Batch 2:class 30,31

District Camp  Class 9

Model IT Exam  January Second week

Southern India Science Fair

State Kalothsavam

3 ,31  H S പ്രവൃത്തി ദിനം

15 .ന്യൂമാറ്റ്സ് സബ്ജില്ലാ തലം
29 .ന്യൂമാറ്റ്സ് ജില്ലാ തലം
16 .സ്റ്റെപ്സ് സബ്ജില്ലാ തലം
29 .സ്റ്റെപ്സ്ജില്ലാ തലം

February 2026

February 13: മികവുത്സവം
February 21: മാതൃഭാഷാ ദിനം
വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പരിപാടികൾ
February 22: ലോക സ്കൗട്ട് ദിനം

സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധ പരിപാടികൾ.

February 28: ദേശീയ ശാസ്ത്ര ദിനം

സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടികൾ

SSLC IT പരീക്ഷ
8 ,9 ക്ലാസ്സുകളിലെ IT പരീക്ഷ
Little Kites സംസ്ഥാന തല ക്യാമ്പ് ക്ലാസ് 9
21 .മാതൃ ഭാഷാ സെമിനാർ
22 .സ്കൗട്ട് ലോക സ്കൗട്ട് ദിനം

MARCH 2026

SSLC Examination
School Annual Examination
31 .മധ്യവേനലവധിക്ക് സ്കൂൾ അടക്കുന്ന ദിവസം
8 .അന്തർ ദേശീയ വനിതാ ദിനം
15 .ലോക ഉപഭോക്തൃ സംരകഷണ ദിനം
21 ലോക വനവത്കരണ ദിനം
22 . ലോക ജല ദിനം
23 .കാലാവസ്ഥ ദിനം

# ഉപസംഹാരം

കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകൾ വികസിപ്പിക്കുന്നതിനു ള്ള പ്രവർത്തന പദ്ധതികളാണ് ഇവിടെ രൂപകൽപ്പന ചെയ്യുന്നത്. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയായി പുറത്തു വരുന്ന കുട്ടിയുടെ ആശയ ധാരണകളിലും ശേഷികളിലുമുള്ള വികാസം കുട്ടികളുടെ മൂല്യങ്ങളിലും മനോഭാവങ്ങളിലും ഉണ്ടാകുന്ന മാറ്റം, വിവിധ ഭാഷകൾ ആശയ വിനിമയത്തിനുപയോഗിക്കാൻ കഴിയും വിധം കുട്ടിയിലുണ്ടാകുന്ന ആത്മവിശ്വാസം, തങ്ങളുടെ അഭിരുചിക്കനുസരിച്ച് ഏറ്റവും മികവാർന്ന രീതിയിൽ സ്വതസിദ്ധമായ കഴിവുകളുടെ പ്രകടനം എന്നിവ മനസിൽ കണ്ട് ഇത്തരം മാറ്റങ്ങളുണ്ടാവാൻ ആവശ്യമായ മുഴുവൻ പശ്ചാത്തല സൗകര്യ ങ്ങളും പ്രായോഗികമായി ഒരുക്കുന്നതിനും പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ സന്നദ്ധമായികൊണ്ട് അധ്യാപക ശാക്തീകരണത്തിനുള്ള സൗകര്യമൊരുക്കുന്നതിനു മൊക്കെ സാധ്യമാകുന്ന വിധത്തിലുള്ള ഒരു സർഗ്ഗാത്മക പ്രവർത്തനമാണ് നാം എറ്റെടുക്കുന്നത്. ഈ പ്രക്രിയ എത്രമാത്രം കാര്യക്ഷമമായി നിർവ്വഹിക്കുന്നു എന്നത് നാം വിഭാവന ചെയ്യു അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ എന്ന സങ്കൽപ്പത്തെ സാധുകരിക്കുന്നതാവണം. അത് സാധ്യമാകുംവിധം കാഴ്ച്ചപ്പാടും ചിന്തയും പ്രവർത്തനവും ഏകോപിപ്പിച്ചുകൊണ്ട് സമയബന്ധിതമായി പ്രവർത്തിക്കാൻ എല്ലാവരും സജ്ജരാവുക.

വരുംതലമുറയ്ക്കുവേണ്ടിയുള്ള കരുതലാണിത്...